8641
12/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - അംഗൻവാടി പ്രവർത്തകർക്ക് 2013-14 സാമ്പത്തിക വർഷം യൂണിഫോം വാങ്ങുന്നതിന്- തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം.493/2014/സാനീവ** **തീയതി, തിരുവനന്തപുരം,07.08.2014**

---

**പരാമർശം :-** (1) 11.10.2013 ലെ സ.ഉ(സാധാ) നം. 508/2013/സാനീവ.
(2) 31.3.2014 ലെ സ.ഉ(സാധാ) നം. 258/14/സാനീവ.
(3) സാമൂഹ്യനീതി ഡയറക്ടറുടെ 30.6.2014 ലെ ഐസിഡിഎസ്.എ1-12751/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2013-14 സാമ്പത്തിക വർഷത്തിൽ അംഗൻവാടി പ്രവർത്തകർക്ക് യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിനായി '2235-02-102-98-34(OC)' ശീർഷകത്തിൽ നിന്നും 3,97,28,400/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗൻവാടി പ്രവർത്തകർക്ക് രണ്ട് യൂണിഫോം വീതം വിതരണം ചെയ്യുന്നതിനാവശ്യമായ ആകെ തുകയായ 3,96,53,400/- രൂപയുടെ 50% തുകയായ 1,98,26,700/- രൂപ 2014 മേയ് 31 നു മുൻപ് വിനിയോഗിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്കു വിധേയമായി സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ട് നമ്പർ 14907-ൽ മാറ്റി നിക്ഷേപിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(2) സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും ട്രഷറി നിയന്ത്രണങ്ങളും ഇലക്ഷൻ പെരുമാറ്റച്ചട്ടങ്ങളും നിലനിന്നിരുന്നതിനാലും യൂണിഫോം വാങ്ങുന്നതിനുള്ള തുക മാറ്റി എടുക്കുവാൻ സാധിച്ചില്ലായെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള യൂണിഫോം വിതരണം നടത്തിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുതുക്കി നൽകുന്നതിനും യൂണിഫോമിന്റെ വിലയായ 3,96,53,400/- രൂപ 2014-15 വർഷത്തെ '2235-02-102-98-34 (OC)' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും ഹാന്റക്സിന് തുക നൽകുന്നതിനുമുള്ള അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗൻവാടി പ്രവർത്തകരുടെ 2013-14 വർഷത്തെ യൂണിഫോമിന്റെ വിലയായ 3,96,53,400/- രൂപ (മൂന്നു കോടി തൊണ്ണൂറ്റിയാറു ലക്ഷത്തി അൻപത്തി മൂവായിരത്തി നാനൂറ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ '2235-02-102-98-34(OC)' ശീർഷകത്തിൽ നിന്നും ചെലവഴിച്ച് തുക ഹാന്റക്സിനു കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എൻ.ബി.കോമളവല്ലി അമ്മ**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്, തിരുവനന്തപുരം.
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.**
ജില്ലാ ട്രഷറി ഓഫീസർ
ധനകാര്യ വകുപ്പ്( നം. 61469/WW2/14/Fin പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ/ ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**